**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1266** **27-07-2021 - ൽ മറുപടിയ്ക്ക്**

**കായിക രംഗത്തെ യശസ്സ് നിലനിർത്തുന്നതിന് നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. നജീബ് കാന്തപുരം,<br>ഡോ. എം.കെ . മുനീർ | | Shri.V. Abdurahiman<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന് കായിക രംഗത്തുണ്ടായിരുന്ന യശസ്സ് നിലനിർത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ആലോചിക്കുന്നത്; | (എ) | സംസ്ഥാനത്ത് കായിക രംഗത്തുണ്ടായിരുന്ന യശസ്സ് നിലനിർത്തുന്നതിനും, ലോകോത്തര നിലവാരത്തിലുള്ള മികച്ച കായിക താരങ്ങളെ വാർത്തെടുക്കാനും കായികതാരങ്ങളെ ചെറുപ്രായത്തിൽ കണ്ടെത്തി വിദഗ്ധ പരിശീലനം നൽകുന്നതിലേയ്ക്കുമായി സംസ്ഥാനത്തൊട്ടയാകെയുള്ള കായിക താരങ്ങളെ ഉൾപ്പെടുത്തി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, ജില്ലാ സ്പോർട്സ് അക്കാഡമികൾ, സ്കൂൾ സ്പോർട്സ് അക്കാഡമികൾ, കോളേജ് സ്പോർട്സ് അക്കാഡമികൾ എന്നീ സ്കീമുകൾ വഴി 8-ാം ക്ലാസ്സ് മുതൽ ബിരുദാനന്തരബിരുദം വരെയുള്ള യോഗ്യരായ കായിക താരങ്ങളെ മാനദണ്ഡങ്ങൾ പാലിച്ച് തെരഞ്ഞെടുത്ത് പരിശീലനം നൽകി വരുന്നു. പ്രസ്തുത സെന്ററുകളിലെ കായികതാരങ്ങൾക്ക് താമസവും പ്രത്യേക പോഷകാഹാരങ്ങൾ ഉൾപ്പെടുന്ന ഭക്ഷണവും നൽകി വരുന്നു. കൂടാതെ പ്രഗൽഭരായ പരിശീലകരുടെ കീഴിൽ വിദഗ്ധ പരിശീലനവും നൽകി വരുന്നു. ദേശീയ അന്തർദേശീയ കായികരംഗത്ത് മികവ് പുലർത്തുന്ന കായിക താരങ്ങൾക്ക് വിദഗ്ധ പരിശീലനത്തിനും തുടർ പരിശീലനത്തിനുമുള്ള സാമ്പത്തിക സഹായവും അനുവദിച്ച് വരുന്നു. കായിക രംഗത്ത് മികവാർന്ന നേട്ടങ്ങൾ കരസ്ഥമാക്കുന്ന ഓരോ പുരുഷ, വനിതാ കായികതാരത്തിനും എല്ലാ വർഷവും ജി.വി.രാജ സ്പോർട്സ് അവാർഡ് നൽകി ആദരിച്ചു വരുന്നതോടൊപ്പം എ.പി.ജെ.അബ്ദുൽകലാം സ്കോളർഷിപ്പ് വഴി തിരഞ്ഞെടുക്കപ്പെടുന്ന മികവുറ്റ കായിക താരങ്ങൾക്ക് പ്രതിമാസം 10,000/-രൂപ വീതം സ്കോളർഷിപ്പും നൽകി വരുന്നുണ്ട്. കായികതാരങ്ങൾക്ക് പരിശീലനം നടത്തുന്നതിനും |

| | | | |
|---|---|---|---|
| | | | മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് സജ്ജരാക്കുന്നതിലേക്കുമായി സിന്തറ്റിക് ട്രാക്കുൾപ്പെടെ അന്തർദേശിയ നിലവാരത്തിലുള്ള സ്റ്റേഡിയങ്ങൾ, സ്വിമ്മിംഗ് പൂളുകൾ തുടങ്ങി അടിസ്ഥാന സൗകര്യ വികസനവും നടപ്പിലാക്കി വരുന്നു. അടിസ്ഥാന കായിക സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി 14 ജില്ലാ സ്റ്റേഡിയങ്ങളും, 44 പഞ്ചായത്ത് സ്റ്റേഡിയങ്ങളും ഉൾപ്പെടെ 58 പദ്ധതികൾ കിഫ്ബി ധനസഹായത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വകുപ്പിന്റെ പ്ലാൻ, നോൺ പ്ലാൻ ഫണ്ട് ഉപയോഗിച്ച് വിവിധ സ്ഥലങ്ങളിലായി 9 കായിക അടിസ്ഥാന സൗകര്യ പ്രവൃത്തികളും നടപ്പിലാക്കി വരുന്നു. |
| (ബി) | കായിക പ്രതിഭകളെ ചെറുപ്രായത്തിൽ കണ്ടെത്തി വിദഗ്ധ പരിശീലനം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എല്ലാ ജില്ലയിലും ഇതിനാവശ്യമായ സംവിധാനം ഏർപ്പെടുത്തുമോ; വിശദമാക്കുമോ? | (സി) | വിവിധ ജില്ലകളിൽ വിവിധ കായിക ഇനങ്ങളിലായി പരിശീലന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ